മാതൃഭൂമി

THE NATIONAL DAILY IN MALAYALAM, PUBLISHED FROM CALICUT, COCHIN AND TRIVANDRUM

പുസ്തകം 62 ലക്കം 258 Calicut, Saturday, December 8, 1984—കോഴിക്കോട് 1984 ഡിസംബർ 8 ശനി പേജ് 8 വില 70 പൈസ

കാർബൈഡിൻെറ അമേ. ചേർമാനെ അറസ്റ്റ് ചെയ്തു

ഭോപ്പാൽ: ബഹുരാഷ്ട്ര കമ്പനിയായ യൂനിയൻ കാർബൈഡ് കോർപറേഷൻ ചെയർമാൻ വാറൻ ആൻഡേഴ്സണെ മദ്ധ്യപ്രദേശ് സർക്കാർ ഉത്തരവിൽ പൊലീസ് വെള്ളിയാഴ്ച അറസ്റ്റ് ചെയ്തു. ബോംബെയിൽനിന്നു രാവിലെ ഭോപ്പാലിൽ എത്തിയ ഇദ്ദേഹത്തെ ബൈരാഗർ വിമാനത്താവളത്തിൽ വെച്ചാണ് അറസ്റ്റ് ചെയ്തത്. കമ്പനിയുടെ ഇന്ത്യൻ ശാഖയുടെ ചെയർമാൻ കേശബ് മഹീന്ദ്ര, മാനേജിംഗ് ഡയരക്ടർ വി. പി. ഗോഖലെ എന്നിവരും അറസ്റ്റിലാണ്.

ആൻറഴ്സനു വൈകുന്നേരം ജാമ്യം അനുവദിച്ചു.

രണ്ടായിരത്തിലേറെ പേർ മരണമടഞ്ഞ ഈ സംഭവത്തിൽ അമ്പതിനായിരം പേർ ഇനിയും അപകട മേഖല

കാഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ വെള്ളിയാഴ്ച ഉച്ചയ്ക്ക് ആയിരം ചെരാതുകളിൽ കാർത്തിക വിളക്കുകൾ തെളിഞ്ഞപ്പോൾ. —ഫോട്ടോ പി. വിശ്വനാഥൻ

തെരഞ്ഞെടുപ്പുവിശേഷം

ക്ഷേത്രക്കുളവും തെരഞ്ഞെടുപ്പും വിജയവും

തിരുപ്പതി: തെലുങ്കുദേശത്തിൻെറ വിജയത്തിന് കൊന്നേററിക്കട്ടയിലെ ഗോവിന്ദരാജ സ്വാമി ക്ഷേത്രക്കുളവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെന്ന് തെലുങ്കുദേശം പ്രവർത്തകർ വിശ്വസിക്കുന്നതായി വേണം കരുതാൻ. ശ്രീ വെങ്കിടേശ്വര സർവ്വകലാശാലാ ഗ്രൗണ്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന തിരഞ്ഞെടുപ്പ് പ്രചരണ യോഗം അവസാന നിമിഷം ഈ കുളത്തിൻെറ പരിസരത്തുള്ള പറമ്പിലേക്ക് മാററാൻ മറെറാരു കാരണവുമില്ല. ഈ പ്രദേശം രാമറാവുവിൻെറ ഭാഗ്യോദയം കുറിച്ച സ്ഥലമായിരുന്നു.

1983—ലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചരണം രാമറാവു ആരംഭിച്ചത് ഇവിടെ നിന്നാണ്. സ്വാതന്ത്ര്യത്തിനു ശേഷമുള്ള ചരിത്രത്തിലാദ്യമായി കോൺഗ്രസ്സിനെ ആന്ധ്രയിൽ നിന്ന് വൻ ഭൂരിപക്ഷത്തോടെ തുരത്താൻ കഴിഞ്ഞു. തെലുങ്കുദേശം രൂപീകരിച്ച ശേഷം രാമറാവുമ്പിച്ച പൊതുയോഗത്തെ സംബോധന ചെയ്തത് തിരുപ്പതി—തിരുച്ചാർ റോഡിലുള്ള ഈ ഭാഗത്താണ്. ഭാസ്കരറാവു രാമറാവുവിനെ അട്ടിമറിച്ച ശേഷം, ജനാധിപത്യ പുനഃസ്ഥാപനത്തിനുള്ള പ്രസ്ഥാനമാരംഭിച്ചതും ഇവിടെ നിന്നുതന്നെ.

1977—ൽ നടന്നതിരഞ്ഞെടുപ്പിൽ, സഞ്ജീവറെഡ്ഡി ഈ സ്ഥലത്തുനടിയ പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയുണ്ടായി. ജനതാപാർട്ടിക്ക് വലിയ വിജയമാണുണ്ടായത്. 77—ൽ ആന്ധ്രാപ്രദേശിലുണ്ടായിരുന്നുകിലും, സഞ്ജീവറെഡ്ഡി വിജയിച്ചു. ഈ സ്ഥലത്തിൻെറ പ്രത്യേകതയാണതിന് കാരണമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം പിന്നീട് രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി.

ജ്യോതിഷന്മാരുടെ ഉപദേശാനുസരണം, കനകദുർഗാ ക്ഷേത്രത്തിൽ ദർശനം നടത്തിയശേഷമാണ് രാമറാവു തൻെറ തിരഞ്ഞെടുപ്പ് പ്രചരണമാരംഭിച്ചതെന്ന് പാർട്ടി വൃത്തങ്ങൾ പറഞ്ഞു.

യോഗം മാറിപ്പോയി

പത്തനംതിട്ട: ജനാധിപത്യ മുന്നണി യോഗത്തിൽ ഇടതുപക്ഷ സ്ഥാനാർത്ഥി. ചെങ്ങന്നൂരിലാണ് സംഭവം. ജനാധിപത്യ മുന്നണി ചെങ്ങന്നൂർ നിയോജകമണ്ഡലം പ്രവർത്തകയോഗം നടന്നുകൊണ്ടിരിക്കുന്ന ഹാളിലേക്ക് ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥി പെട്ടെന്ന് കയറിവന്നു. ജനാധിപത്യ മുന്നണിസ്ഥാനാർത്ഥി ഉപേന്ദ്രനാഥ കുറുപ്പിനെ കണ്ടപ്പോൾ പ്രതിപക്ഷ സ്ഥാനാർത്ഥി ഹസ്തദാനം ചെയ്തു. ഹാളിനിന്നിരുന്ന പ്രവർത്തകരെ തൊഴുതു ഇടതുമുന്നണി സ്ഥാനാർത്ഥി തോമസ് ഇറങ്ങിപ്പോയി.

തൻെറ പ്രവർത്തകരുടെ യോഗമാണെന്ന് തെററിദ്ധരിച്ചാണ് തോമസ് ജനാധിപത്യ മുന്നണി യോഗത്തിൽ കയറിച്ചെന്നതു്.

വന്നത് പക്ഷെ പടതന്നെ

ന്യൂഡൽഹി: സ്ഥാനാർത്ഥികളുടെ എണ്ണം കുറച്ച് കോൺഗ്രസ്സി (ഐ) നെതിരെ നേരിട്ടുള്ള മത്സരം ഒഴിക്കാനാണ് പ്രതിപക്ഷ കക്ഷികൾ ഐക്യശ്രമം തുടങ്ങിയതു്. പക്ഷെ, വിചിത്രമായിത്തോന്നാം. ഇതൊട്ടിയിൽ കലാശിച്ചിരിക്കുന്നു് സ്ഥാനാർത്ഥി ബാഹുല്യത്തിലാണ്. രാജസ്ഥാൻെറ കാര്യം നോക്കുക:

ഐക്യം നിലനിർത്താൻ 12 സീററിലേ മത്സരിക്കൂ എന്ന് ബി. ജെ.പി. പറഞ്ഞു. പക്ഷെ, ഇപ്പോഴവരുടെ 24 സ്ഥാനാർത്ഥികളുണ്ട്. 10 സീററിലേ ഉള്ളൂ എന്നു പറഞ്ഞ ഡി.എം.കെ.പി. 16 ഇടത്താണ് മത്സരിക്കുന്നതു്. അതല്ല തമാശ—കോൺഗ്രസ്—ഐ അല്ല ഇപ്പോഴിവരുടെ മുഖ്യശത്രു. പരസ്പരം തോല്പിക്കണമെന്ന വാശിക്കാണ് മുൻതൂക്കം.

വിദ്യു. നിരക്ക് പുനഃസ്ഥാപിച്ചു

തിരുവനന്തപുരം: ഹൈക്കോടതി വിധിയിലൂടെ റദ്ദാക്കിയ വർദ്ധിപ്പിച്ച വൈദ്യുതി നിരക്കുകൾ മററാരു വിജ്ഞാപനത്തിലൂടെ ഇലക്ട്രിസിററി ബോർഡ് വീണ്ടും ഏർപ്പെടുത്തിയിരിക്കുന്നു. കോടതി ഉത്തരവിനെ തുടർന്നു ബോർഡിന് ഉണ്ടാകുന്ന നഷ്ടവും, ബോർഡിൻെറ ദൈനംദിന ഭരണത്തിൽ ഉണ്ടാകുന്ന സ്തംഭനവും ഒഴിവാക്കാൻ വേണ്ടിയാണ് ഈ നിരക്കുകൾ ഏർപ്പെടുത്തുന്നതെന്ന് ഡിസംബർ മൂന്നാം തീയതി വൈകീട്ട് വെള്ളിയാഴ്ച അസാധാരണ ഗസററായി ബോർഡ് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിൽ പറയുന്നു.

ഈ വിജ്ഞാപനത്തോടനുബന്ധിച്ച വിവിധയിനം ഉപഭോക്താക്കൾക്കു പ്രത്യേക നിരക്കുകൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കൾക്ക് (66 കെവി) 62കി.യാണ് ഡിമാൻറ് ചാർജ്. 350 യൂനിററ് വരെ യൂനിററ് ഒന്നിന് 10 പൈസയും കൊടുക്കണം. 110 കെ.വി. ഉപഭോക്താക്കൾക്ക് 57കി.യാണ് ഡിമാൻറ് ചാർജ്. യൂനിററ് നിരക്ക് 10 പൈസ തന്നെ.

ഹൈടെൻഷൻ ഉപഭോക്താക്കൾക്ക്—ഇൻഡസ്ട്രിയൽ വിഭാഗത്തിന് 45കി.യാണ് ഡിമാണ്ട് ചാർജ്. 250 യൂനിററു വരെ യൂനിററ് ഒന്നിന് 12 പൈസയും നൽകണം. നോൺ ഇൻഡ

ശേഷം 5-ാം പേജ് 8-ാം കോളം

ശബരിമലയിൽ വെള്ളവും വെളിച്ചവുമില്ല

ശബരിമല: ശബരിമലയിലും പമ്പയിലും വ്യാഴാഴ്ച അർദ്ധരാത്രി മുതൽ വെള്ളവും വെളിച്ചവും ഇല്ല. ഇതു മൂലം അയ്യപ്പന്മാർ ബുദ്ധിമുട്ടിലായി.

വൈദ്യുതി ഇല്ലായ്മ കൊണ്ട് അപ്പം, അരവണ എന്നിവയുടെ വിതരണവും സ്തംഭിച്ചിരിക്കുകയാണ്. ഇലക്ട്രിക്ക് ഹീററുകൾ ഉപയോഗിച്ചാണ് ഇവ ഉണ്ടാക്കുന്നതു്. ഏതായാലും വിറക് ഉപയോഗിച്ച് ഇവ ഉണ്ടാക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്.

വേഗം ഇന്ത്യ വിടണം

ഭോപ്പാൽ: യൂനിയൻ കാർബൈഡ് കോർപ്പറേഷൻ ചെയർമാൻ ആൻഡേഴ്സനോട് കഴിയും വേഗം ഇന്ത്യ വിടാൻ ആവശ്യപ്പെട്ടേക്കും. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ഇവിടെ ശക്തിയായ വികാരങ്ങൾ ഇളക്കിവിട്ടേക്കുമെന്ന് കരുതുന്നതുകൊണ്ടാണിങ്ങനെ ചെയ്യാനിടയുള്ളതെന്ന് ഔദ്യോഗിക വക്താവ് പറഞ്ഞു.

ആൻഡേഴ്സനെ കോടതിയിൽ ഹാജരാക്കിയിട്ടില്ല. നിയമം അതനുശാസിക്കുന്നില്ലത്രെ. 25000കി.യുടെ സ്വന്തം ജാമ്യത്തിന്മേലാണ് അദ്ദേഹത്തെ ഉച്ച തിരിഞ്ഞു 3.50ന് വിട്ടത്. വൈകുന്നേരം അദ്ദേഹം ഡൽഹിയിലെത്തി. ശനിയാഴ്ച ഉച്ചതിരിഞ്ഞു ആൻഡേഴ്സൻ അമേരിക്കയിലേക്ക് തിരിക്കുമെന്നാണ് കരുതുന്നതു്.

അതിലിടക്ക്, ആൻഡേഴ്സനെ അറസ്റ്റ് ചെയ്തതിൽ ഇന്ത്യയിലെ അമേരിക്കൻ എംബസ്സി പ്രതിഷേധിച്ചിട്ടുണ്ടെന്നു വാഷിങ്ടണിൽ ഒരു വൈററ് ഹൗസ് വക്താവ് പറഞ്ഞു

തരണം ചെയ്തിട്ടില്ലെന്ന് അവസാന റിപ്പോർട്ടുകൾ പറയുന്നു. ഫാക്ടറിയുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന അഞ്ചു്റിലേറെ കുട്ടികൾ അനാഥരാവുകയോ, മാതാപിതാക്കളിൽ നിന്നു് വേർപെട്ട് പോവുകയോ ചെയ്തിട്ടുണ്ട്. കാണാതായ കുട്ടികളെ കണ്ടെത്താൻ ഗവർമ്മെണ്ട് ഏർപ്പെടുത്തിയ ഏജൻസിയിൽ 400 ലേറെ കേസ്സുകൾ രജിസ്റ്റർ ചെയ്തു.

വിമാനത്താവളത്തിൽകമ്പനിമേധാവികളെകാത്ത് പൊലീസ് സുപ്രണ്ട് സ്വരാജ് പുരിയുടെ നേതൃത്വത്തിൽ ഒരുസംഘം പൊലീസ് ഉദ്യോഗസ്ഥർ നിൽപുണ്ടായിരുന്നു. പൊലീസ് കാറിൽ ഉദ്യോഗസ്ഥരെ യൂണിയൻ കാർബൈഡിൻെറ ഗസ്റ്റ്ഹൗസിലെത്തിച്ച ശേഷമാണ് അറസ്റ്റ് ചെയ്യപ്പെട്ട വിവരം അവരെ അറിയിച്ചതു്. ഇവരുടെ ഔലഫോൺബന്ധം വിച്ഛേദിച്ചിട്ടുണ്ട്. ഈ കൃത്യ സംഭവവുമായി നേരിട്ട് ബന്ധമുള്ള അഞ്ചു്പേരെ നേരത്തെ വീട്ടുതടങ്കലിലാക്കിയിരുന്നു.

ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 304 ഏ. (അശ്രദ്ധയും ഉദാസീനതയും മൂലമുള്ള മരണം) പ്രകാരമാണ് അറസ്റ്റ് എന്നു് മദ്ധ്യപ്രദേശ് ഗവർമ്മെണ്ട് വക്താവ് സുദീപ് ബാനർജി പത്രലേഖകരെ അറിയിച്ചു.

''ആയിരക്കണക്കിന് നിഷ്കളങ്കരായ ജനങ്ങളെ കൊന്ന സംഭവത്തിൽ ഉത്തരവാദിത്വമുള്ള ഒരു ഗവർമ്മേണ്ടിന്നു. നിസ്സഹായരായിരിക്കാൻ സാധ്യമല്ല'' സംഭവത്തെ കുറിച്ച് മുഖ്യമന്ത്രി അർജുൻസിങ്ങ് പ്രസ്താവിച്ചു. യൂനിയൻ കാർബൈഡ് മാനേജ്മെൻറിൻെറ നിഷ്ഠുരതയായ അശ്രദ്ധയാണ് ഇത്രയേറെ പേരുടെ മരണത്തിനു നിദാനമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ശേഷം 5-ാം പേജ് 1-ാം കോളം

എം. ജി. ആർ. സൂയോക്കിലെ ആസ്പത്രിയിൽ. അടുത്ത് പത്നി വി. എൻ. ജാനകി, ഇടത്ത് മിസ് ഷ്വയലററ് ഡേവിഡ്, മിസ് മേരി ഷില എന്നീ നേഴ്സുമാർ. ഇവർ അപ്പോളോ ആസ്പത്രിയിൽനിന്ന് എം.ജി ആറിൻെറ കൂടെ അമേരിക്കയിലേക്കു പോയവരാണ്

രോഗശയ്യയിലാണെങ്കിലും തമിഴ്നാട്ടിൽനിന്നു കിട്ടിയ കത്തു വായിക്കാൻ ശ്രമം നടത്തുന്നു

എം. ജി. ആറിൻെറ ആരോഗ്യനില: പടം കുഴപ്പമുണ്ടാക്കി

മദിരാശി: മുഖ്യമന്ത്രി എം. ജി. ആർ. അമേരിക്കയിലെ ബ്രൂക്ക്ലിനിലുള്ള ഡൗൺ സ്റ്റേററ് മെഡിക്കൽ സെൻററിൽ സുഖം പ്രാപിച്ചു വരികയാണ്. വൃക്ക മാററി വെയ്ക്കുണോ എന്ന കാര്യം ഇപ്പോഴും തീരുമാനിച്ചിട്ടില്ല. താമസിയാതെ ഡോക്ടർമാർ ഇതു സംബന്ധിച്ച തീരുമാനമെടുക്കും. എന്തായാലും രണ്ടുമൂന്നാഴ്ച കൂടി കഴിഞ്ഞേ അദ്ദേഹം തമിഴ്നാട്ടിലേക്ക് തിരിച്ചു പോരുന്ന കാര്യം ആലോചിക്കാനാവൂ!

അതിനിടക്ക് എം. ജി. ആറിൻെറ ആരോഗ്യനില ഇവിടെ തെരഞ്ഞെടുപ്പ് പ്രശ്നമാക്കിക്കഴിഞ്ഞു. കരുണാനിധി പറയുന്നത് അദ്ദേഹത്തിന്നു് പറയുന്നതു 'സുഖ'മൊന്നും ഇല്ലെന്നാണ് ഗവർമ്മെണ്ട് വസ്തുതകൾ മറച്ചു പിടിക്കുന്നുവെന്നു്.

അതിനെ തുടർന്നു് ഗവർമ്മെണ്ടിന് ഏററവുപുതിയ ചില പടങ്ങൾ വ്യാഴാഴ്ച പ്രസിദ്ധീകരണത്തിനു നൽകി. അവയിൽ രണ്ടെണ്ണമാണ് ഇവിടെ ചേർത്തിട്ടുള്ളതു്. ഡിസംബർ 2ം നു എടുത്ത ചിത്രങ്ങളാണ് ഇവയെന്നു് മന്ത്രിവീരപ്പൻ അറിയിച്ചു.

വെള്ളിയാഴ്ച ഈ പടങ്ങളുടെ 'സാധ്യത'യെ സംബന്ധിച്ച് ഇവിടെ ചില വഴക്കുകളുണ്ടായി.

ഈ പടങ്ങൾ യഥാർത്ഥത്തിലുള്ളവയല്ലെന്നും മററും പറഞ്ഞ ഒരാൾക്ക് കത്തിക്കത്തേററു— ചൂടുമടയിലാണ് സംഭവം.

പതിനാലു് പേർ പ്രസ്തുത സംഭവം സംബന്ധിച്ച് അറസ്റ്റ് ചെയ്യപ്പെട്ടു.

രാമറാവു ആസ്പത്രിയിൽ

വെല്ലൂർ: തെരഞ്ഞെടുപ്പ് പ്രചരണവേളയിൽ വ്യാഴാഴ്ച തലക്കു പരിക്കു പററിയ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ.ടി. രാമറാവു വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ആസ്പത്രിയിൽ സുഖമായിരിക്കുന്നുവെന്നു് ആസ്പത്രി അധികൃതർ അറിയിച്ചു.

വെള്ളിയാഴ്ച ഉച്ചക്കു ശേഷം ഒരു വട്ടം കൂടി പരിശോധിച്ച് കഴിഞ്ഞ് അദ്ദേഹത്തെ ഡിസ്ചാർജ് ചെയ്യുന്ന കാര്യം തീരുമാനിക്കുമെന്നാണ് ആസ്പത്രി ഡയരക്ടർ പുറത്തിറക്കിയ ബുള്ളററിൻ പറയുന്നതു്.

ചൈതന്യ രഥത്തിൽ സഞ്ചരിക്കവെ, വ്യാഴാഴ്ച പാതിരാത്രിയോടടുത്ത് ആണ് രാമറാവുവിന് പരിക്കേററതു്. ഒരു ഇരുമ്പുണ്ടിൻെറ അടിയിൽ കൂടി ചൈതന്യരഥം കടന്നുപോവുമ്പോൾ രഥത്തിൻെറ മുകളിൽ ഇരിക്കുകയായിരുന്ന മുഖ്യമന്ത്രിയുടെ നെററി ഒണ്ടിൽ ഇടിക്കുകയുണ്ടായതു് അദ്ദേഹത്തിൻെറ തലയിൽ മൂന്നിഞ്ച് ആഴത്തിലുള്ള മുറിവാണുണ്ടായതു്. ചിററൂർ ആസ്പത്രിയിൽ വെച്ച് മുറിവ് തുന്നിക്കെട്ടിയ ശേഷമാണ്, രാമറാവുവിനെ വെല്ലൂർക്ക് കൊണ്ടുപോയതു്.

ഒരു തെരഞ്ഞെടുപ്പ് യോഗത്തെ അഭിസംബോധന ചെയ്യാൻ പോവുമ്പോഴാണ് രാമറാവുവിന് അപകടം പിണഞ്ഞതു്.

ഏററുമുട്ടലിൽ പൊലീസുകാർമരിച്ചു

ബസ്തി: നാഗേന്ദ്രറായിയുടെ നേതൃത്വസംഘവുമായി സയോൺഗ്രാമത്തിൽ വ്യാഴാഴ്ച ഉണ്ടായ സംഘട്ടനത്തിൽ മഹൗലി പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഓഫീസ്സറും ഒരു കോൺസ്റ്റബിളും കൊല്ലപ്പെട്ടു. രണ്ടു പേർക്ക് പരിക്കേററിട്ടുണ്ട്. കൊള്ളക്കാരുടെ സംഘത്തിൽ രണ്ടു പേർ മരിച്ചുവെങ്കിലും ബാക്കി ആളുകൾ രക്ഷപ്പെട്ടു.

വാജ്പേയി സുഖം പ്രാപിക്കുന്നു

അഹമ്മദാബാദ്: വ്യാഴാഴ്ച കല്ലേറിൽ പരിക്കേറ്റ ബി.ജെ.പി. പ്രസിഡണ്ട് എ.ബി. വാജ്പേയി ഇവിടത്തെ വി.എസ്. ജനറൽ ആസ്പത്രിയിൽ സുഖം പ്രാപിച്ചു വരികയാണ്. അദ്ദേഹത്തിൻെറ നില മെച്ചപ്പെട്ടിട്ടുണ്ടെന്ന് ആസ്പത്രി വൃത്തങ്ങൾ അറിയിച്ചു.

വാജ്പേയിയെ വെള്ളിയാഴ്ച രാത്രി ഡൽഹിയിലേക്ക് കൊണ്ടു പോകുമെന്നും, അവിടത്തെ മാക്സ് ഇന്ത്യാ ഇൻസ്റ്റിററ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പ്രവേശിപ്പിച്ചേക്കാനിടയുണ്ടെന്നും അദ്ദേഹത്തിൻെറ സെക്രട്ടറി വെളിപ്പെടുത്തി.

മുൻ പ്രധാനമന്ത്രി മൊറാർജി ദേശായി വെള്ളിയാഴ്ച രാവിലെ വാജ്പേയിയെ ആസ്പത്രിയിൽ ചെന്നു കണ്ട് വിവരങ്ങൾ അന്വേഷിക്കുകയുണ്ടായി.

മേഹ്സാന ജില്ലയിലെ നന്ദസാൻ ഗ്രാമത്തിൽ വെച്ച് വ്യാഴാഴ്ച, തണ്ണക്കുന്നേറം ചെയ്ത ഗുണ്ടകൾക്ക് തന്നെ വധിക്കാനോ, അംഗവിഹീനനാക്കാനോ പദ്ധതിയുണ്ടായിരുന്നെന്ന് വാജ്പേയി ആരോപിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിൽ താൻ പ്രചരണം നടത്തുന്നതു് തടയുകയായിരുന്നു അവരുടെ ലക്ഷ്യമെന്ന് ആസ്പത്രിയിൽ വെച്ച് ചില പത്രലേഖകരോടു സംസാരിക്കവേ വാജ്പേയി പറഞ്ഞു.

വാജ്പേയിയുടെ ഒരു കാലിനും ഒരു കൈക്കും ബാൻഡേജിട്ടിരുന്നു. എന്നാൽ അദ്ദേഹം ആക്രമണത്തിൻെറ പേരിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയേയോ, പൊലീസിനേയോ കററപ്പെടുത്തിയില്ല.

ഗുജറാത്തിൽ ഗുണ്ടകളുടെ വിളയാട്ടമാണെന്നും, രണ്ടു വർഷത്തിനിടയിൽ രണ്ടു പ്രമുഖ ബി.ജെ.പി. പ്രവർത്തകരടക്കം, ഏഴുപത്തു രാഷ്ട്രീയ പ്രവർത്തകർ അന്നാട്ടിൽ വധിക്കപ്പെടുകയുണ്ടായെന്നും വാജ്പേയി പറഞ്ഞു.

സ്ഥലവും സമയവും നോക്കി ആളൊഴിഞ്ഞ റോഡരികിൽ വെച്ച്, ഇരട്ടത്താണ് ആക്രമികൾ തങ്ങളെ കയ്യേററം ചെയ്തതെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഇതിനു സംബന്ധിച്ച് 5 പേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

രാജീവിന് ആശങ്ക

വാജ്പേയിയുടെ നേരെ വ്യാഴാഴ്ചയുണ്ടായ ആക്രമണത്തിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധി ആശങ്ക പ്രകടിപ്പിച്ചു. നമ്മുടെ രാഷ്ട്രീയത്തിൽ അക്രമത്തിന് യാതൊരു സ്ഥാനവുമില്ലെന്നു് പ്രധാനമന്ത്രി പറഞ്ഞു.

തിരിച്ചുപിടിക്കാനും വിജയം ആവർത്തിക്കാനും

പടക്കളത്തിൽ

മലപ്പുറം: പൊരിഞ്ഞ പോരാട്ടംതന്നെയാണ് പൊന്നാനിയിൽ നടക്കുന്നതു്. ഐക്യജനാധിപത്യമുന്നണിയുടെ മുസ്ലിംലീഗ് സ്ഥാനാർത്ഥി ഗുലാം മുഹമ്മദ് ബനാത്ത്വാലയും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സി.പി.ഐ. സ്ഥാനാർത്ഥി അഡ്വക്കററ് കൊളാടി ഗോവിന്ദൻകുട്ടിയും തമ്മിൽ ഏതാണ്ട് നേരിട്ടുള്ള മത്സരമാണവിടെ

ബനാത്ത്വാല

നടക്കുന്നതെന്നു പറയാം. എം.ഡി.പി. സ്ഥാനാർത്ഥിയായി കെ.ടി എം. കുട്ടി മൗലവി, കക്ഷിരഹിതനായി എം.ടി. വേണു, വി.പി. കുഞ്ഞാലു, കെ.കെ. വേണു എന്നിവരും രംഗത്തുണ്ട്.

സംവരണ നിയോജകമണ്ഡലമായിരുന്ന പൊന്നാനി 1971 വരെ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടേതായിരുന്നു. 1977മുതൽക്കുള്ള പൊതു സീററ് ആയി. 1977ലും 80ലും ആ സീററിൽ മുസ്ലിം ലീഗിൻെറ ഇന്നത്തെ സ്ഥാനാർത്ഥി ബനാത്ത്വാല തന്നെയാണ് ജയിച്ചതു്. കൈവിട്ടുപോയ സീററ് തിരികെ പിടിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ശ്രമം, അതു നിലനിർത്താൻ ഐക്യജനാധിപത്യമുന്നണിയും ശ്രമിക്കുന്നു. ഏതായാലും കരുത്തനായ ഒരു എതിരാളിയെയാണ് ഐക്യജനാധിപത്യമുന്നണി അവിടെ നേരിടുന്നതു്. 1977—ൽ അഖിലേന്ത്യാ ലീഗിൻെറ എം. മൊയീൻകുട്ടിയോടു 117000 വോട്ടിൻെറ ഭൂരിപക്ഷത്തിലാണ് ബനാത്ത്വാല ജയിച്ചതു്. 1980—ൽ ഭൂരിപക്ഷം 50,000 ആയി കുറഞ്ഞു നേർപകുതിയായി ചുരുങ്ങി. അന്നത്തെ ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥി ആര്യാടൻമുഹമ്മദ് ആയിരുന്നു.

പൊന്നാനി ലോകസഭാ മണ്ഡലത്തിൽ കാൽ നൂററാണ്ടിനിടക്കു പൊന്നാനിക്കാരനായ ഒരു സ്ഥാനാർത്ഥി മത്സരിക്കുന്നതു ഇതാദ്യമാണ്. ഇടതുപക്ഷജനാധിപത്യമുന്നണി സ്ഥാനാർത്ഥി ഗോവിന്ദൻകുട്ടി(54) പൊന്നാനി ബാറിലെ ഒരു അഭിഭാഷകനും പുരാതനവും പ്രശസ്തവുമായ കൊളാടി തറവാട്ടിലെ അംഗവുമാണ്. വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേക്കു കടന്നുവന്ന അദ്ദേഹം ഒന്നാം കേരള നിയമസഭയിലെ ഏററവും പ്രായം കുറഞ്ഞ അംഗമായിരുന്നു. സാഹിത്യകാരനും നാടകകൃത്തും നടനുമാണ്. വിദ്യാർത്ഥി ഫെഡറേഷൻെറ മലബാർ കമ്മിററി അസി. സെക്രട്ടറിയും പാലക്കാട് താലൂക്ക് സിക്രട്ടറിയും ആയി പ്രവർത്തിച്ച അദ്ദേഹം പിന്നീട് അഞ്ചു് കൊല്ലക്കാലം എ.ഐ.വൈ.എഫ്.ൻെറ സംസ്ഥാന പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു. പതിനാറു കൊല്ലം അദ്ദേഹം വെളിയങ്കോട് പഞ്ചായത്ത് പ്രസിഡണ്ടായും ആറു കൊല്ലം അണക്കത്തോട് സർവ്വീസ് ബാങ്ക് പ്രസിഡണ്ട് ആയും പ്രവർത്തിച്ചു. ഇസ്കസ് സംസ്ഥാന ജനറൽ സിക്രട്ടറി ആയിരുന്നു. ഇപ്പോൾ

ശേഷം 5-ാംപേജ് 6-ാം കോളം

കെ. ടി. എം. കുട്ടിമൗലവി

കൊളാടി ഗോവിന്ദൻകുട്ടി

കമ്യൂണിസ്റ്റ് പാർട്ടികൾ 'യുദ്ധം' തുടങ്ങി

പ്രത്യേക ലേഖകൻ

ഡൽഹി: ആന്ധ്രയിൽ സി.പി.ഐ. ബി.ജെ.പി.യുമായി ധാരണയുണ്ടാക്കണമെന്ന് സി.പി.ഐ.യും കേന്ദ്ര മന്ത്രിമാരായ നരസിംഹറാവുവിനേയും വിജയഭാസ്കറെ റെഡ്ഡിയേയും കമ്യൂണിസ്റ്റ് പാർട്ടി പിന്താങ്ങുന്നു എന്ന് സി.പി.എമ്മും. ഇടതുപക്ഷ ഐക്യത്തിൻെറ വക്താക്കൾ തമ്മിലുള്ള 'യുദ്ധം' പുതിയ പാതയിലെത്തി.

ഈയാഴ്ച സി.പി.ഐ.യുടെ മുഖപത്രം 'നൂ ഏജി'ലാണ് മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ചുള്ള ആരോപണം വന്നതു്. അതിന്ന് മറുപടി പറയവേയാണ് മാർക്സിസ്റ്റ് പാർട്ടി വലതു പാർട്ടിയെ പഴിച്ചതു്. ഖമ്മം സീററിൻെറ പേരിൽ—അവിടെ ഇരുകൂട്ടരും പരസ്പരം മത്സരിക്കുന്നു.—തുടങ്ങിയ 'യുദ്ധം' മുറക്ക് നടക്കുന്നുണ്ട്.

മണിപ്പുരിലും സി. പി. ഐ. സ്ഥാനാർത്ഥിക്കെതിരായി സി. പി.ഐ. സ്ഥാനാർത്ഥിയെ നിർത്തിയിട്ടുണ്ട്. എന്നു മാത്രമല്ല തങ്ങളുടെ അടയാളം തന്നെ റദ്ദാക്കണമെന്ന് സി പി. ഐ. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടതായും മാർക്സിസ്റ്റ് പാർട്ടി ആരോപിക്കുന്നു.

ഈ 'യുദ്ധം' നിർത്താൻ സി.പി. ഐ. നേതാവ് ഹർകിഷൻ സുർജിത് ഒരു പ്രസ്താവനയിൽ സി.പി.ഐ. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിനെ തോല്പിക്കാനും, ഇടതുപക്ഷ—ജനാധിപത്യ ഐക്യത്തിനും നല്ല മാർഗം ഇതാവുംഎന്നു് പറഞ്ഞിട്ടുണ്ട്

കേന്ദ്ര മന്ത്രിമാരായ നരസിം